**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 199 — 02.03.2020 ൽ മറുപടിക്ക്

**പൊതുജനാരോഗ്യനയം**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുജനാരോഗ്യനയം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (സി) | 28.01.2019 ലെ സ.ഉ.നം.20/2019/ആ.കു.വ പ്രകാരം സർക്കാർ നിയമിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആരോഗ്യനയം അംഗീകരിച്ച് ഉത്തരവായിരുന്നു. ആരോഗ്യരംഗത്ത് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നിരവധിയാണ്. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ്, ജീവിതശൈലീ രോഗങ്ങളുടെയും പരിസ്ഥിതിജന്യ രോഗങ്ങളുടെയും വർദ്ധനവ് ജനസംഖ്യാ ഘടനയിൽ വന്ന വ്യത്യാസം, മുതിർന്ന പൗരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ, പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ആരോഗ്യ പ്രശ്നങ്ങൾ അപകടങ്ങളും പരിക്കുകളും ആത്മഹത്യ മാനസികരോഗികളുടെ എണ്ണത്തിലെ വർദ്ധനവ് , ആരോഗ്യരംഗത്തെ മനുഷ്യവിഭവ ശേഷിയുടെ എണ്ണത്തിലുള്ള കുറവ് എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടത്. ഇതിൽ പകർച്ചവ്യാധികളുടെ നിയന്ത്രണം, ജീവിത ശൈലീരോഗ നിയന്ത്രണം, പ്രാഥമികതലത്തിൽ കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയതലത്തിൽ രോഗസങ്കീർണ്ണതകളുടെ നിയന്ത്രണം, ദ്വിതീയ, ത്രിതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവല്ക്കരണം, ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ, ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകി മുഴുവൻ ജനസംഖ്യയുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം കാഴ്ചപ്പാടോടെ കേരളത്തിന്റെ ആരോഗ്യ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘകാലവും ഹ്രസ്വകാലവുമായുള്ള ലക്ഷ്യങ്ങളും നയം മുന്നോട്ട് വയ്ക്കുന്നുണ്ട്. പൊതുജനാരോഗ്യത്തിന്റെ ത്രിതല സംവിധാനങ്ങളുടെ ഘടനയും അവ ഓരോന്നിന്റെയും ഉത്തരവാദിത്തങ്ങളും ആരോഗ്യ |
| (സി) | പ്രസ്തുത നയത്തിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സേവന വകുപ്പിന്റെ ഘടന, ഭരണ നിർവ്വഹണം, വികേന്ദ്രീകൃത തീരുമാനമെടുക്കൽ, കാര്യക്ഷമത പരിപോഷണം, മെഡിക്കൽ ഓഡിറ്റിംഗ്, പരാതി പരിഹാര സെൽ, സ്വകാര്യ ആരോഗ്യ പരിപാലന സംവിധാനങ്ങളുടെ നിയന്ത്രണം, മാനുഷിക വിഭവശേഷി, രോഗനിർണ്ണയ സേവനങ്ങൾ, മരുന്നുകൾ, ഉപകരണങ്ങൾ എന്നീ ശീർഷകങ്ങളുടെ വിശദാംശങ്ങളും ഇതോടൊപ്പംതന്നെ ആരോഗ്യ മേഖലയിൽ സവിശേഷശ്രദ്ധ നൽകേണ്ട മേഖലകളെപ്പറ്റിയും പൊതുജനാരോഗ്യ നിയമങ്ങളെപ്പറ്റിയും ആരോഗ്യ ഗവേഷണങ്ങളെപ്പറ്റിയും ആരോഗ്യ നയം പ്രതിപാദിക്കുന്നുണ്ട്. |
| (ബി) | പൊതുജനാരോഗ്യ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | പൊതുജനാരോഗ്യ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണന നൽകേണ്ട കാര്യങ്ങൾക്ക് വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ഇതിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണങ്ങൾക്കായി പ്രത്യേക ശ്രദ്ധ നൽകി വിവിധ വകുപ്പുകളെയും ഏജൻസികളെയും പൊതുജനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ആരോഗ്യ ജാഗ്രത എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. പ്രാഥമിക തലത്തിൽ തന്നെ ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി കുട്ടികളും കൗമാരക്കാരും ഉൾപ്പെടുന്ന പൊതുജനങ്ങൾക്ക് ആർദ്രം പീപ്പിൾസ് കാമ്പയിന്റെ ഭാഗമായി ആരോഗ്യ ബോധവത്ക്കരണം നടത്തി വരുന്നു. ഇതു കൂടാതെ അവരിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ ജില്ലയിലും ഓപ്പൺ ജിംനേഷ്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രമേഹത്തിന്റെ നയന സങ്കീർണ്ണതാ നിർണ്ണയത്തിനായി നയനാമൃതം പദ്ധതിയും നടപ്പിലാക്കുന്നു.<br>ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിച്ച് അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. മാത്രമല്ല, മാനുഷിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം ഉൾപ്പടെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ മാത്രം 3159 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ